157 (1761) ജലമലിനീകരണം തടയാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ ജലമലിനീകരണം തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) ജലമലിനീകരണം തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുമോ;

(സി) ജലമലിനീകരണത്തിന്റെ തോത് മോണിറ്റർ ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിലെ പ്രധാന നദികളിലെ മലിനീകരണം തടയുവാൻ എന്തെങ്കിലും പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്രത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) നദീജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഓരുവെള്ളം കയറി ജലം ഉപ്പുമയമാകുന്നത് തടയുക, കടലാക്രമണം തടയുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ നിമിത്തം നദികൾ മലിനമാകുന്നതു തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലനിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ പ്രധാന നദികളിൽ വിവിധ സ്ഥലങ്ങളിൽ നിന്നും പതിവായി ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് പഠനവിധേയമാക്കുന്നുണ്ട്. കേന്ദ്ര സഹായത്തോടെ ഉള്ള MINARS, GEMS എന്നീ പദ്ധതികൾ പ്രകാരവും നദീജലഗുണനിലവാര പഠനം നടത്തുന്നുണ്ട്.

(ബി) കർശനമായി നടപ്പിലാക്കി വരുന്നു.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യപടിയായി പെരിയാറിൽ അത്തരം ഉപകരണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) മലിനീകരണ നിയന്ത്രണത്തിൽ മുൻഗണനയർഹിക്കുന്ന സംസ്ഥാനത്തെ 10 പ്രധാന നദികളുടെ മലിനീകരണം തടയുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകി പരിഗണനയ്ക്കും സഹായത്തിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഓരു വെള്ളം കയറി ജലം ഉപ്പുമയമാകുന്നതു തടയാനും കടലാക്രമണം തടയാനും ആരോഗ്യവകുപ്പ് പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

158 (1762) ശബ്ദമലിനീകരണം തടയുന്നതിന് നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly